1997-98 67.3925 ലക്ഷം രൂപ

(ഡി) പദ്ധതി നടത്തിപ്പ് ഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഫ്ളോറി കൾച്ചറിസ്റ്റ്സ് എന്ന സംഘടനയ്ക്കായിരുന്നു.

1995-96-ൽ 25 ലക്ഷം രൂപയും 1996-97-ൽ 20 ലക്ഷം രൂപയും നൽകി.

(ഇ) 1995-96-ൽ അനുവദിച്ച 25 ലക്ഷം രൂപയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചു. 1996-97-ൽ അനുവദിച്ച തുകയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല.

(എഫ്) പദ്ധതിയുടെ മോണിറ്ററിംഗിനായി കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ താഴെ പറയുന്ന അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

1. കാർഷികോൽപാദന കമ്മീഷണർ
2. കൃഷി സെക്രട്ടറി-മെമ്പർ സെക്രട്ടറി
3. കൃഷി ഡയറക്ടർ
4. ഡീൻ/ ഹോർട്ടി കൾച്ചറൽ പ്രൊഫസർ, കാർഷിക സർവകലാ ശാല
5. ചെയർമാൻ/പ്രതിനിധി ഫെഡറേഷൻ ഓഫ് ഇന്ത്യൻ ഫ്ളോറി കൾച്ചറിസ്റ്റ്.
6. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ റിസർച്ച് ഇൻസ്റ്റിറ്റ്യൂ ട്ടിലെ ഡയറക്ടർ.
7. കേരള ഹോർട്ടികൾച്ചറൽ പ്രൊഡക്ഷൻ ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെ മാനേജിംഗ് ഡയറക്ടർ

(ജി) 31.10.1995-ലും 21.11.95-ലും ഈ കമ്മിറ്റി കൂടി റിപ്പോർട്ട് നൽകി യിട്ടുണ്ട്.

(എച്ച്) ഈ സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടു ണ്ട്. കൃഷിവകുപ്പ് നേരിട്ട് പദ്ധതി നടപ്പിലാക്കുന്നതാണ്.

98(415) കൃഷിവകുപ്പിന്റെ പുനഃസംഘടന

<u>ശ്രീ. പി. രാജു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാ ക്കുമോ;

(ബി) കൃഷി വകുപ്പ് ഡിവിഷനുകളായി പുനഃസംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചു;

(സി) സംസ്ഥാനത്ത് എത്ര ഡിവിഷനുകൾ ഉണ്ടാകും എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) എറണാകുളം ജില്ലയിൽ വടക്കൻ പറവൂർ ആസ്ഥാനമായി ഡിവിഷൻ ഓഫീസ് രൂപീകരിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പുനഃസംഘടന എന്നത്തേയ്ക്ക് നടപ്പാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 23.6.1998-ലെ സ.ഉ.(സാ) 933/98/കൃഷി പ്രകാരം കൃഷി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ഒരു അഡീഷണൽ ഡയറക്ടറുടെ തസ്തിക കൃഷിവകുപ്പ് ഡയറക്ടറുടെ ശമ്പള സ്കെയിലിൽ അഡീഷണൽ ഡയറക്ടർ (സീനിയർ) എന്ന പേരിൽ ഉയർത്തുകയും മറ്റ് എല്ലാ അഡീഷണൽ ഡയറക്ടർമാരെയും പ്ലാനിംഗ്, ഹോർട്ടികൾച്ചർ, നോർത്ത് സോൺ, സൗത്ത് സോൺ എന്നിങ്ങനെ പുനർനാമകരണം ചെയ്ത് സ.ഉ. 1339/98/ കൃഷി 19.9.1998 പ്രകാരം ചുമതലകളും ഉത്തരവാദിത്വങ്ങളും പുനർനിർണ്ണയിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 22.9.99-ലെ ഗവൺമെന്റ് ഉത്തരവ് (സാ) 1486/99/കൃഷി പ്രകാരം ജില്ലാതലത്തിൽ 3-4 ബ്ലോക്കുകൾക്ക് ഒരു ഡിവിഷൻ ഓഫീസ് എന്ന ക്രമത്തിൽ ഒരു ജില്ലയിൽ 3 മുതൽ 4 വരെ ഡിവിഷൻ ഓഫീസ് ആരംഭിക്കുവാൻ ഉത്തരവായിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സംസ്ഥാനത്ത് മൊത്തം 45 ഡിവിഷനുകളുണ്ടാകും. തിരുവനന്തപുരം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിൽ നാലുവീതവും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ മൂന്നു വീതവും വയനാട്, കാസർകോട് ജില്ലകളിൽ രണ്ടു വീതവും ഡിവിഷനുകളുണ്ടാകും.

(ഡി) ഇല്ല. എന്നാൽ ജില്ലകളിൽ ഡിവിഷണൽ ഓഫീസുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് അതത് പ്രിൻസിപ്പൽ കൃഷി ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഈ സാമ്പത്തിക വർഷം തന്നെ പുനഃസംഘടന നടപ്പിലാക്കുന്നതിനു കഴിയും എന്നാണ് പ്രതീക്ഷ.

97 (416) കാർഷികമേഖലയിലെ തൊഴിൽദാന പദ്ധതി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിന് സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ജനകീയാസൂത്രണ പദ്ധതി പ്രകാരം കൃഷിഭവനുകൾ മുഖേന നടത്തിയ തൊഴിൽദാന പദ്ധതി അനുസരിച്ച് എത്ര പേർക്ക് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത ഒരു ലക്ഷത്തോളം അഭ്യസ്തവിദ്യർക്ക് വാഗ്ദാനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ നൽകാൻ ആവശ്യമായ നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly